ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് പ്ലാൻ സംബന്ധിച്ച സഹായം ലഭിക്കുന്നതിന് പദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട് നൽക ണമെന്ന് കേന്ദ്ര ഗവൺമെന്റ് വ്യവസ്ഥ വച്ചിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പദ്ധതിത്തുക വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ വർഷവും പദ്ധതിക്കു വകയിരുത്തിയ എന്തു തുകയിൽനിന്ന് എത്ര തുക വീതം വകമാറ്റി ചെലവു ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചീഫ്സെക്രട്ടറിക്ക് കേന്ദ്ര ആസൂത്രണ കമ്മി ഷൻ സെക്രട്ടറി 26.5.99-ൽ എഴുതിയ ഒരു കത്തിൽ കേന്ദ്ര പദ്ധതി സഹായ ത്തിന്റെ 1999 ജൂലൈ മാസം മുതലുള്ള പ്രതിമാസ ഗഡുക്കൾ സംസ്ഥാന ങ്ങൾക്ക് നൽകുന്നത് ചില വ്യവസ്ഥകൾക്ക് വിധേയമാക്കിയിട്ടായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അവയിൽ, മുൻമാസത്തെ പദ്ധതിച്ചെലവിൽ കുറവുണ്ടാകാൻ പാടില്ലെന്നും, പദ്ധതി ചെലവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം കമ്മിഷന് ലഭിച്ചിരിക്കണമെന്നുമുള്ള വ്യവസ്ഥകളും ഉൾപ്പെടുന്നു. എന്നാൽ ഇതു സംബ ന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

6 (1366) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ജനകീയാസൂത്രണ വുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് എത്ര പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്;

(ബി) ഓരോന്നിന്റെയും എത്ര കോപ്പികൾ പ്രിന്റു ചെയ്തു എന്നും ഇതിനായി എന്തുതുക ചെലവഴിച്ചു എന്നും അറിയിക്കുമോ;

(സി) പ്ലാനിംഗ് ബോർഡിന്റെ പ്രസിദ്ധീകരണങ്ങൾക്കുപുറമെ പി.ആർ.ഡി. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് എത്ര ബുക്കുകളും ബുക്കുലെറ്റുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ഡി) ഇതിന് എന്തുതുക ചെലവായിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 77 പ്രസിദ്ധീകരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആകെ 1,31,22,347 രൂപ ചെലവായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഒരു ഫോൾഡറും മൂന്നുപുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) 3,14,345 രൂപ.

7 (1367) വാർഷിക പദ്ധതി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ാം ആണ്ടിലെ വാർഷിക പദ്ധതിയിൽ പ്രൈമറി സെക്ടർ, സെക്കണ്ടറി സെക്ടർ എന്നിവയ്ക്ക് വകയിരുത്തിയ തുകയെത്ര;

(ബി) 1998-99-ലെ വാർഷിക പദ്ധതിയിൽ ഈ ഓരോ സെക്ടറിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രൈമറി സെക്ടറിന് 521.56 കോടി രൂപയും സെക്കണ്ടറി സെക്ടറിന് 1035.75 കോടി രൂപയുമാണ് സംസ്ഥാന പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുള്ളത്.

(ബി) പ്രൈമറി സെക്ടറിന് 464.02 കോടി രൂപയും സെക്കന്ററി സെക്ടറിന് 1034.45 കോടിരൂപയുമാണ് വകയിരുത്തിയിരുന്നത്. ഈ കാലയളവിൽ (താത്കാലിക കണക്കുകളനുസരിച്ച്) പ്രൈമറി സെക്ടറിൽ 416.89 കോടി രൂപയും സെക്കണ്ടറി സെക്ടറിൽ 1150.23 കോടി രൂപയും ചെലവഴിച്ചു.

8 (1368) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം രോഗങ്ങൾക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ആനുകൂല്യം നൽകുന്നത്;

(ബി) ഇപ്പോൾ നൽകി വരുന്നതിന് പുറമേ മറ്റ് മാറാരോഗങ്ങൾക്കുകൂടി ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള സഹായം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ദുരിതാശ്വാസം രോഗിക്കുതന്നെ ലഭ്യമാക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ സംവിധാനം ഉണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) കാൻസർ, ഹൃദ്രോഗം, ഡയാലിസിസ് ആവശ്യമുള്ള വൃക്കരോഗങ്ങൾ എന്നിവയുടെ ചികിത്സയ്ക്കാണ് പരമാവധി 5000/- രൂപ ധനസഹായം നൽകുന്നത്. മറ്റ് രോഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 2000/-രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം നൽകി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly